പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 243 — 18.03.2013 ൽ മറുപടിക്ക്

## സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടക്കുന്ന അതിക്രമങ്ങൾ തടയാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>,, സി. എഫ്. തോമസ്<br>,, റ്റി. യു. കുരുവിള | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിന് ഈ സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ; | (എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിനായി ജില്ലകൾ തോറും പോലീസ് കൺട്രോൾ റൂമുകളുമായി ബന്ധപ്പെട്ട് വനിതാ ഹെൽപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ താലൂക്കാസ്ഥാനങ്ങളിലും പ്രധാന കേന്ദ്രങ്ങളിലും ഉള്ള 300 പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ് ഡെസ്ക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ ജാഗ്രത പുലർത്തുന്നതിന് ജില്ലകൾ തോറുമുള്ള സൈബർ ക്രൈം വിങ്ങുകളുടെ പ്രവർത്തനം ഊർജ്ജിതമാക്കിയിട്ടുണ്ട്. പോലീസ് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹൈടെക് ക്രൈം എൻക്വയറി സെല്ലിന്റെ പ്രവർത്തനവും ഊർജ്ജിതമാക്കിയിട്ടുണ്ട്.<br>സ്കൂൾ തലത്തിൽ സംഘടിപ്പിച്ചിട്ടുള്ള സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. |

→

| | | | |
|---|---|---|---|
| | | | സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം തടയുന്നതിന്റെ ഭാഗമായി ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് യൂണിറ്റിന്റെ നേതൃത്വത്തിൽ വ്യാപകമായ റെയിഡുകളും ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നുണ്ട്. |
| (ബി) | വനിതാ പോലീസിന്റെ എണ്ണം വർദ്ധിപ്പിച്ച് ഇത്തരം അതിക്രമങ്ങൾ തടയുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ? | (ബി) | സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ 1500 വനിതാ പോലീസുകാരെ സേനയിൽ നിയമിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ